**മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി സംസാരിക്കുന്നു**



# സംഘടനകൾ പരസ്പരം തീവ്രവാദം ആരോപിക്കുന്നത് തെറ്റിദ്ധാരണ ഉണ്ടാക്കും

**അഭിമുഖം ● പി.കെ കുഞ്ഞാലിക്കുട്ടി / ഹാഷിം എളമരം**

● *മുസ്‌ലിം സംഘടനകളുടെ ഐക്യത്തിന്റെ വിഷയത്തിൽ സുസ്ഥിരമായ വല്ല അജണ്ടയും മുസ്‌ലിം ലീഗിനുണ്ടോ?*

സമുദായ ഐക്യം സ്ഥിരം അജണ്ടയാവണമെന്നും സ്ഥിരം ഐക്യവേദി തന്നെ വേണമെന്നും മുസ്‌ലിം ലീഗിന് ആഗ്രഹമുണ്ട്. പക്ഷേ, പ്രായോഗികമായ ഒട്ടേറെ പരിമിതികൾ ഇക്കാര്യത്തിലുണ്ട്. ഇത് ഞങ്ങളുടെ കുഴപ്പം കൊണ്ടല്ല. മത സംഘടനകൾക്കിടയിലെ അടിസ്ഥാനപരമായ അഭിപ്രായ വ്യത്യാസമാണ് പ്രധാന പ്രശ്നം. വ്യത്യസ്ത വീക്ഷണങ്ങളും അഭിപ്രായങ്ങളുമുള്ള മത സംഘടനകളെയാണ് ഐക്യപ്പെടുത്തേണ്ടത്. ഇതിനായി സജീവമായി പ്രവർത്തിച്ച കാലമുണ്ടായിരുന്നു. ഭരണത്തിലുള്ളപ്പോൾ മന്ത്രിമാർതന്നെ ഇതിനായി രംഗത്തിറങ്ങിയിരുന്നു. വിദ്യാഭ്യാസ വിചക്ഷണരെയും മറ്റും പങ്കാളികളാക്കുകയും ചെയ്തു. പക്ഷേ, അടിസ്ഥാനപരമായ അഭിപ്രായ വ്യത്യാസങ്ങൾക്ക് ചില ഘട്ടങ്ങളിൽ മുൻതൂക്കം വരും. ഒരു വിഷയത്തിൽതന്നെ ശക്തമായ രണ്ടഭിപ്രായം ഉയരും. ഞങ്ങൾക്കും വ്യത്യസ്തമായ അഭിപ്രായമാണുണ്ടാവുക. ഇങ്ങനെ പരസ്പരം ശാഠ്യം പിടിക്കുമ്പോൾ ഐക്യം പൊളിയും. ഈ സാഹചര്യത്തിലാണ് വിഷയാധിഷ്ഠിത ഐക്യമെന്ന ചിന്ത

ഉയർന്നത്. അഭിപ്രായ ഭിന്നതകൾ നിലനിർത്തിക്കൊണ്ടുതന്നെ പ്രധാന പ്രശ്നങ്ങളിൽ സംഘടനകൾക്ക് ഐക്യപ്പെടാനാവും.

ഇത് പറയുമ്പോൾ സംവരണം സംബന്ധിച്ച് ഇപ്പോഴുണ്ടായ കോടതി വിധി അനുസ്മരിക്കേണ്ടതുണ്ട്. ഒരു കൂടിയാലോചനയും നടത്താതെ ഒരു കൂട്ടർ കേസിന് പോവുകയായിരുന്നു. കോടതി വിധിയാവട്ടെ ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കുന്നതുമായി. മുന്നാക്കക്കാരിലെ പാവപ്പെട്ടവർക്ക് വിദ്യാഭ്യാസ ആനുകൂല്യമെന്നത് യു.ഡി.എഫ് കൊണ്ടുവന്നതാണ്. ഇതിനെ ചോദ്യം ചെയ്യേണ്ട കാര്യമില്ലായിരുന്നു. ഇക്കൂട്ടർ സമുദായ സ്പർധയുണ്ടാക്കുകയാണ് യഥാർഥത്തിൽ ചെയ്തത്. സംവരണത്തെ അടച്ചാക്ഷേപിക്കുന്ന തരത്തിൽ കോടതിയുടെ വിധിന്യായം വന്നപ്പോൾ മുസ്‌ലിം സംഘടനകൾ ശബ്ദമടക്കി. ഈവക കാര്യങ്ങളിൽ ലീഗ് പോളിസിയാണ് ശരി. മൾട്ടി റിലീജിയൻ സൊസൈറ്റിയിൽ സമന്വയത്തിലൂടെ മുന്നോട്ടുപോവണം. സംഘടനാപരമായ പ്രചാരണത്തിന് വേണ്ടി ചിലർ ചെയ്യുന്നത് സമുദായത്തിന് ദോഷമുണ്ടാക്കുന്നുവെന്നാണ് ഞാൻ ചൂണ്ടിക്കാട്ടുന്നത്. കൂടിയാലോചനകളിലൂടെ പ്രശ്നത്തെ കൈകാര്യം ചെയ്തിരുന്നെങ്കിൽ അതിന് ഫലമുണ്ടാകുമായിരുന്നു. പ്രശ്നാധിഷ്ഠിത സഹകരണത്തിന്റെ പ്രസക്തിയിലേക്കാണിത് വിരൽ ചൂണ്ടുന്നത്.

സമുദായത്തെ ഭയത്തിലാഴ്ത്തിയ പ്രശ്നമായിരുന്നു മാറാട്. ചില കുബുദ്ധികൾ നടത്തിയ കൂട്ടക്കൊലയുടെ പാപഭാരം ഏറ്റേണ്ടിവന്നത് സമുദായമാണ്. മുസ്‌ലിം സംഘടനകൾ ഒറ്റക്കെട്ടായി നിന്ന് ഹിന്ദു സംഘടനകളുമായുള്ള സംഭാഷണത്തിലൂടെ ഇലക്കും മുള്ളിനും കേടില്ലാത്തവിധം പ്രശ്നം പരിഹരിക്കാനായത് മറ്റൊരു ഉദാഹരണം.

● *ബഹുസ്വര സമൂഹത്തിൽ സമന്വയത്തിലൂടെ മുന്നോട്ട് പോവണമെന്ന് താങ്കൾ പറഞ്ഞു. താങ്കളുടെ വീക്ഷണത്തിൽ സമന്വയത്തിന്റെ പരിധി എവിടെ വരെയാണ്?*

സമന്വയമെന്നത് കീഴടങ്ങലല്ല. വാക്കുകളിലൂടെ സ്പർധയുണ്ടാക്കിയാൽ ഒടുവിൽ കീഴടങ്ങേണ്ടിവരും. ഭൂരിപക്ഷ വർഗീയതയെ താലോലിക്കുന്ന സ്ഥിതി അന്തരീക്ഷത്തിലുണ്ട്. ഈ അവസ്ഥയിൽ ഉശിരിൽ വർത്തമാനം പറഞ്ഞവർക്കൊക്കെ അവസാനം, ഞങ്ങളത് ഉദ്ദേശിച്ചിരുന്നില്ലെന്ന് കുറ്റബോധം പ്രകടിപ്പിക്കേണ്ടിവന്നിട്ടുണ്ട്. വാക്കുകളിൽ മിതത്വമുണ്ടാവണം. നരേന്ദ്രൻ കമീഷൻ പാക്കേജിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിംകൾക്ക് മാത്രമായി ഏതാനും മേഖലകളിൽ ഇപ്പോൾ റിക്രൂട്ട്മെന്റ് നടക്കുന്നുണ്ട്. ഇത് നിഷേധിക്കാനാവില്ല. സമന്വയത്തിലൂടെ മാത്രമാണ് ഇത് സാധ്യമായത്. മുന്നാക്കക്കാരിലെ പാവപ്പെട്ടവർക്ക് വിദ്യാഭ്യാസ ആനുകൂല്യം കൊടുത്തത് കീഴടങ്ങലായി കാണാനാവില്ല. വീക്ഷണ വ്യത്യാസങ്ങൾ നിലനിൽക്കുമ്പോൾ തന്നെ ലൗ ജിഹാദിനെ എതിർത്ത് തോൽപിക്കാൻ നമുക്കായി. പൊതുസമൂഹത്തിൽ നമ്മുടെ വാദഗതികൾക്ക് സ്വീകാര്യതയുണ്ടായി. മിശ്രവിവാഹങ്ങൾക്ക് സമുദായങ്ങളെ പ്രതിക്കൂട്ടിലേറ്റാനാവില്ലെന്ന് ബോധ്യപ്പെട്ടു. നമ്മൾ സംഘടിതമായി എതിർത്തില്ലായിരുന്നുവെങ്കിൽ സമുദായം പ്രതിസ്ഥാനത്ത് നിർത്തപ്പെട്ടേനെ.

● *ഭരണം നഷ്ടപ്പെടുമ്പോൾ ഐക്യത്തെക്കുറിച്ച് പറയുന്ന ശക്തി ഭരണത്തിലിരിക്കുമ്പോൾ മുസ്‌ലിം ലീഗിനുണ്ടാവുന്നില്ലെന്ന് വിമർശനമുണ്ടല്ലോ?*

കഴിഞ്ഞ കാലങ്ങളിൽ അങ്ങനെ സംഭവിച്ചിട്ടുണ്ടാവാം. അതൊരു പോരായ്മയായിത്തന്നെ കാണുന്നു. ഇനി അങ്ങനെ സംഭവിക്കില്ല.

● *തീവ്രവാദം ആരോപിച്ച് മുസ്‌ലിം സമുദായം വേട്ടയാടപ്പെടുമ്പോൾ മുസ്‌ലിം സംഘടനകൾ തമ്മിൽ തീവ്രവാദ ആരോപണം നടത്തുന്നതിനെക്കുറിച്ച് എന്താണ് അഭിപ്രായം?*

സമുദായത്തിലെ സംഘടനകൾക്കും വ്യക്തികൾക്കും വ്യത്യസ്തമായ കാഴ്ചപ്പാടുകളുണ്ടാവാം. എന്നാൽ, തീവ്രവാദത്തെ എതിർക്കുന്നതിൽ എല്ലാവരും ഒറ്റക്കെട്ടാണെന്നതാണ് വസ്തുത. പരസ്പരം തീവ്രവാദാരോപണം നടത്തുന്നത് ആത്യന്തികമായി സമുദായത്തിന് തന്നെയാണ് ദോഷമുണ്ടാക്കുക. ഓരോരുത്തരുടെയും ആവശ്യത്തിനായി 'തീവ്രവാദം' ഉപയോഗിക്കുന്നത് ശരിയല്ല. കിനാലൂരിൽ നാല് വരിപ്പാതക്കെതിരെ സമരം ചെയ്തവരെ തീവ്രവാദികളാക്കി ചിത്രീകരിച്ച സി.പി.എം നടപടിയെ മുസ്‌ലിം ലീഗ് ശക്തമായി എതിർത്തിട്ടുണ്ട്.

● *തീവ്രവാദ വിഷയത്തിൽ ലീഗ് സെക്രട്ടറി എം.കെ മുനീറും യൂത്ത് ലീഗ് പ്രസിഡന്റ് കെ.എം ഷാജിയും സ്വീകരിക്കുന്ന നിലപാട് താങ്കളുടെ കാഴ്ചപ്പാടിന് വിരുദ്ധമല്ലേ?*

തീവ്രവാദത്തെ സമുദായം ശക്തമായി എതിർക്കുന്നത് ഭൂരിപക്ഷ സമുദായം സ്വാഗതം ചെയ്യും. ഇക്കാരണത്താൽതന്നെ ഫാഷിസം പത്തി താഴ്ത്തുകയും ചെയ്യും. നമ്മൾ തീവ്രവാദത്തെ പിന്തുണക്കുന്നില്ലെന്നത് ഒരു സ്കൂൾ ഓഫ് തോട്ടാണ്. തീവ്രവാദത്തെ എതിർക്കുമ്പോൾ 'ബാലൻസ്' ഉണ്ടാവേണ്ടതുണ്ട്. ഫാഷിസവും തീവ്രവാദവും ഒരുപോലെ എതിർക്കപ്പെടേണ്ടതാണ്. ഇത് മറ്റൊരു സ്കൂൾ ഓഫ് തോട്ടും. ഈ കോണിലൂടെയാണ് മുസ്‌ലിം ലീഗിലെ വീക്ഷണ വ്യത്യാസത്തെ നോക്കിക്കാണേണ്ടത്. പൊതുവേദികളിലെ പ്രസംഗങ്ങൾ രണ്ട് തരത്തിലുണ്ടാവാമെങ്കിലും ലക്ഷ്യം ഒന്നാണ്. ഓരോ സംഘടനയും തീവ്രവാദത്തോട് അനുരഞ്ജനമുണ്ടാക്കാതിരിക്കുമ്പോൾതന്നെ പരസ്പരം തീവ്രവാദം ആരോപിക്കുന്നത് സമൂഹത്തിൽ തെറ്റിദ്ധാരണ ഉണ്ടാക്കുമെന്നും മനസ്സിലാക്കണം.

● *ലീഗ് പ്രവർത്തകർ തീവ്രവാദത്തിലേക്ക് പോവാതിരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?*

എൻ.ഡി.എഫിനും എസ്.ഡി.പി.ഐക്കുമെതിരെ ഉറച്ച നിലപാടാണ് ലീഗ് സ്വീകരിച്ചിരിക്കുന്നത്. അവയിൽ അംഗത്വമുള്ളവർക്ക് ലീഗിൽ അംഗമാവാൻ കഴിയില്ല. പൊതുവേദികളിൽ അവരെ എതിർക്കുമ്പോൾ ഞാൻ അവരുടെ പേര് പറയാതിരിക്കാൻ കാരണം അതുപോലും അവർക്കനുകൂല സാഹചര്യമൊരുക്കുമെന്നതിനാലാണ്. പി.ഡി.പിയുടെ കാര്യത്തിലും ഇതുതന്നെയാണ് അവസ്ഥ. ഇത്തരം സംഘടനകൾക്കെതിരെ ആഭ്യന്തര കാമ്പയിനാണ് പാർട്ടി നടത്തുന്നത്. ഇല്ലെങ്കിൽ ലീഗിന്റെ ശത്രുക്കൾ ഇവയെ പ്ലാറ്റ്ഫോമാക്കി മാറ്റുമെന്നും ഓർക്കേണ്ടതുണ്ട്. ഇത്തരം സംഘടനയിൽ പ്രവർത്തിക്കുന്നവരെ ലീഗിൽ നുഴഞ്ഞുകയറാൻ അനുവദിക്കില്ല.

● *എസ്.ഡി.പി.ഐ യു.ഡി.എഫിലാണ് ഇടം കാണുന്നത്?*

ഒരു ദാക്ഷിണ്യവുമില്ലാതെ അവരെ ഞങ്ങൾ എതിർക്കും. കണ്ണൂർ ഉപതെരഞ്ഞെടുപ്പിൽ ഞങ്ങളത് ബോധ്യപ്പെടുത്തിയതാണ്. അവർക്ക് ലക്ഷ്യബോധം നഷ്ടപ്പെട്ടിരിക്കുന്നു. സഖ്യമുണ്ടാക്കാതെ കേരളത്തിൽ നിലനിൽപുണ്ടാവില്ല. അങ്ങനെ വരുമ്പോൾ അത്തരക്കാർക്ക് പ്രസക്തി നഷ്ടപ്പെടും. പുതിയ രാഷ്ട്രീയ സംഘടനയുണ്ടാക്കുന്നവർക്കും ഇതൊരു പാഠമാവേണ്ടതാണ്. ജമാഅത്തെ ഇസ്‌ലാമി എൽ.ഡി.എഫിനെ അനുകൂലിക്കുന്നു. സന്ദർഭം വന്നപ്പോഴൊക്കെ ഇടതുപക്ഷം തിരിഞ്ഞുകുത്തുകയും ചെയ്തു. മത സംഘടനകൾ എൽ.ഡി.എഫിനോട് അനുരഞ്ജനം ചെയ്യുന്നത് മണ്ടത്തരമാണ്.

● *സാമ്രാജ്യത്വ, ഫാഷിസ്റ്റ് ഭീഷണി നാൾക്കുനാൾ വർധിക്കുമ്പോൾ അന്ധമായ മാർക്സിസ്റ്റ് വിരോധം വെച്ചു പുലർത്തുന്നത് നിലനിൽപിന്റെ രാഷ്ട്രീയമല്ലേ?*

സി.പി.എമ്മിനെ പിന്തുണക്കുന്നതിനെ എങ്ങനെയാണ് ന്യായീകരിക്കുക. ഇന്ത്യയിൽ ഭരണത്തിലേറാൻ സാധ്യതയില്ലാത്തവർക്ക് അന്തർദേശീയ കാര്യങ്ങളെക്കുറിച്ച് സുന്ദരമായി വർത്തമാനം പറയാം. ഇത്രയും കാലം ഭരിച്ച ബംഗാൾ എടുത്താലോ, ഏറ്റവുമധികം പ്രോ–അമേരിക്കൻ നിലപാടാണവിടെ. അവിടത്തെ ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ എന്റെ കൈവശമുണ്ട്. വെറും വർത്തമാനങ്ങൾക്കപ്പുറം ആത്മാർഥത അവർക്കില്ലെന്ന് വ്യക്തം. ഈ വിഷയമൊഴിച്ചാൽ അവരുടെ എല്ലാ പ്രവർത്തനങ്ങളും മത, ന്യൂനപക്ഷ വിരുദ്ധമാണ്. ദൈവ വിശ്വാസത്തെ നിരുത്സാഹപ്പെടുത്തുന്ന ഇക്കൂട്ടർക്ക് മത സ്ഥാപനങ്ങളോടുതന്നെ അലർജിയാണ്. തൃക്കരിപ്പൂർ മുതൽ നാദാപുരം വരെ മാർക്സിസ്റ്റ് പ്രവർത്തകർക്ക് വർഗീയ സമീപനമാണ്. ഇവിടങ്ങളിൽ മുസ്‌ലിം സമുദായമാണ് അവരുടെ മുഖ്യ ശത്രു. വഖ്ഫ് ബോർഡിനോടും പുഛമാണവർക്കെന്ന് തെളിഞ്ഞികഴിഞ്ഞു. പാഠ്യപദ്ധതിയോടുള്ള സമീപമാണ് മറ്റൊന്ന്. കഴിഞ്ഞ് നാലു കൊല്ലത്തെ ഭരണത്തിലാണ് കേരളത്തിൽ ഇത്രയധികം മദ്യം വ്യാപിച്ചത്. ഇതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഇവരെ പിന്തുണക്കുന്ന മത സംഘടനകൾക്ക് ഒഴിഞ്ഞുമാറാനാവുമോ? മത സംഘടനകളിലെ യുവ സമൂഹത്തിൽ ഇടത് ശൈലി സ്വാധീനം ചെലുത്താനും അവരെ പിന്തുണക്കുന്ന സമീപനം കാരണമായിട്ടുണ്ട്. മതരംഗത്ത് ശ്രദ്ധ ചെലുത്തുന്നതിനപ്പുറം ഭൗതിക സംഘടനകളായി യുവസംഘടനകൾ മാറുന്നത് അപകടകരമാണ്.

● *ലീഗല്ലാതെ മറ്റൊരു രാഷ്ട്രീയ സംഘടനക്ക് മുസ്‌ലിം സമുദായത്തിൽ ഇടമില്ലെന്നാണോ?*

ആർക്കും രാഷ്ട്രീയ പാർട്ടി രൂപവത്കരിക്കാം. പക്ഷേ, പ്രായോഗികമായി സമുദായത്തിനത്

ദോഷമാണുണ്ടാക്കുക. വോട്ടുകൾ ഭിന്നിച്ച് സമുദായ സ്വാധീനം തന്നെ ഇല്ലാതാവും. ഉത്തരേന്ത്യയിൽ നമ്മളത് കാണുന്നു. മുസ്‌ലിം ഭൂരിപക്ഷ മണ്ഡലമായ അലീഗഢിൽ ബി.ജെ.പിയാണ് വിജയിച്ചത്. മതേതര വോട്ടുകൾ ഇവിടെ ഭിന്നിച്ചതാണ് കാരണം. മുസ്‌ലിം ലീഗിനെ ബി.ജെ.പിയേക്കാൾ മുഖ്യ ശത്രുവായി കണ്ട മഅ്ദനിയുടെ പി.ഡി.പി സ്വയം നശിച്ചു. അദ്ദേഹത്തെ അനുകൂലിക്കാൻ ആരുമില്ലാതാവുകയും ചെയ്തു. ലീഗിൽ പിളർപ്പുണ്ടാക്കി മറ്റൊരു സംഘടന ഉണ്ടാക്കിയപ്പോഴും ചിലരതിനെ പ്രോത്സാഹിപ്പിച്ചു. ഇതും ഫലം കണ്ടില്ലല്ലോ. അതുകൊണ്ട് പാഴ്‌വേല ചെയ്യരുത്. പ്രയോജനമുണ്ടാവില്ല. മുസ്‌ലിം ലീഗ് അത്രക്ക് എസ്റ്റാബ്ലിഷ്ഡാണ്. മറ്റൊരു രാഷ്ട്രീയ പാർട്ടിക്ക് എക്കാലവും സ്പേസ് ഇല്ലെന്ന് പറയാനാവില്ല. സമീപ ഭാവിയിൽ ഇല്ലെന്ന് തീർച്ച.

● *ഇസ്‌ലാമിക ശരീഅത്തിനെയും അധ്യാപനങ്ങളെയും എതിർക്കുന്നത് ജീവിതത്തിന്റെ ഭാഗമാക്കിയ നിരീശ്വരവാദികളും അൾട്രാ സെക്യുലരിസ്റ്റുകളുമായവർക്ക് മുസ്‌ലിം ലീഗ് വേദിയൊരുക്കുന്നത് ശരിയാണോ?*

ഇത്തരക്കാരുടെ വീക്ഷണങ്ങളോട് ഒരിക്കലും യോജിക്കാനാവില്ല. ഇവരുടെ കാലം കഴിഞ്ഞിരിക്കുന്നു. ഞാൻ ഫാറൂഖ് കോളേജിൽ പഠിക്കുമ്പോൾ ചിലർ യുക്തിവാദം ഒരു സ്റ്റൈലായി കൊണ്ടുനടന്നിരുന്നു. ഇടതുപക്ഷം ഇതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. യുക്തിവാദ ശൈലിക്ക് ഇപ്പോൾ സ്ഥാനമില്ല. പൊതുസമൂഹത്തിൽ സ്പേസ് കിട്ടുന്നതിന് ആസൂത്രണം ചെയ്യുന്ന ഇവരുടെ ഐഡിയോളജി അംഗീകരിക്കാനാവില്ല. ഇത്തരക്കാർക്ക് ലീഗ് വേദി സൃഷ്ടിച്ച് കൊടുക്കുന്നതിനോട് യോജിക്കാനാവില്ല. ഇവരുടെ വാക്കുകൾ ശ്രദ്ധിക്കേണ്ടതാണെന്ന രീതിയിൽ ലീഗ് പ്രവർത്തകർ പ്രോത്സാഹിപ്പിക്കാൻ പാടില്ല. ലീഗ് വേദികൾ അവരുടെ ഇടത് അനുകൂല ആശയ പ്രചാരണത്തിന് ഉപയോഗിക്കാവതല്ല. അതിനെ കൗണ്ടർ ചെയ്യാൻ മറ്റുള്ളവർക്കും അവസരമൊരുക്കുംവിധം സെമിനാറുകളിലും മറ്റും പങ്കെടുപ്പിക്കുന്നത് മറ്റൊരു വിഷയം.

● *ദേശീയ രാഷ്ട്രീയത്തിൽ യു.പി.എ സർക്കാറിന്റെ പല നയങ്ങളും ന്യൂനപക്ഷ വിരുദ്ധമാണെന്നത് വസ്തുതയാണ്. ലീഗിന്റെ നിരുപാധിക പിന്തുണ ഇത്തരം നയങ്ങളെ എതിർക്കുന്നതിന് വിഘാതമാവുന്നില്ലേ?*

സാമ്രാജ്യത്വ ശക്തികളോട് അറബ് രാജ്യങ്ങളുടെ നിലപാടെന്താണെന്ന് പരിശോധിക്കേണ്ടതുണ്ട്. നമ്മുടെ അയൽ രാഷ്ട്രങ്ങളായ പാകിസ്താന്റെയും ബംഗ്ലാദേശിന്റെയും ചൈനയുടെയും നിലപാടും ഇതിന് സമാനമാണെന്നിരിക്കെ ഇന്ത്യക്ക് മാത്രം വ്യത്യസ്ത നിലപാട് വേണമെന്ന് ശഠിക്കാനാവുമോ? ഒരു ബഹുമത രാജ്യത്ത് അതിന്റെ പ്രായോഗികതലങ്ങളും വിലയിരുത്തേണ്ടതുണ്ട്. ഇന്ത്യ പലപ്പോഴും മാന്യത പുലർത്തിയിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഇറാൻ വിഷയം തന്നെ ഉദാഹരണം. യു.പി.എ സർക്കാറിന്റെ നയങ്ങളിൽ തിരുത്താവശ്യമില്ലെന്ന നിലപാട് ലീഗിനില്ല. ഇത്തരം നിലപാടുകൾ അന്തിമമായെടുത്ത് സച്ചാറും ഫാഷിസ്റ്റ് വിരുദ്ധ സമീപനവുമൊന്നും വിസ്മരിക്കാവതല്ല.

● *വ്യവസായ, രാഷ്ട്രീയ റിയൽ എസ്റ്റേറ്റ് കൂട്ടുകെട്ട് സൃഷ്ടിക്കുന്ന ഭീഷണിയെ മുൻ വ്യവസായ മന്ത്രിയെന്ന നിലക്കുകൂടി താങ്കൾ എങ്ങനെ വിലയിരുത്തുന്നു?*

നമ്മൾ അവഗണിച്ച രംഗം തന്നെയാണ് വ്യവസായ മേഖലയെന്ന കാര്യത്തിൽ സംശയമില്ല. ആളോഹരി വരുമാനത്തിൽ കേരളം പിറകിൽതന്നെയാണ്. ഗൾഫ് തൊഴിലവസരങ്ങൾ മാത്രമാണ് നമ്മുടെ രക്ഷ. ഏതുതരം വ്യവസായങ്ങളെയും ആട്ടിപ്പായിക്കുകയെന്നത് സംസ്കാരമായി കൊണ്ടുനടന്ന സി.പി.എം തന്നെയാണ് വ്യവസായ വളർച്ചക്ക് വിഘാതം സൃഷ്ടിച്ചത്. ഞങ്ങൾ കൊണ്ടുവന്ന 'ജിം' പരാജയപ്പെട്ടത് ഈ സമീപനം മൂലമായിരുന്നു. ഇപ്പോൾ റിയൽ എസ്റ്റേറ്റ് ഘടകവും വളർന്നിരിക്കുന്നു. ചില ഭാഗങ്ങൾ വ്യവസായത്തിനായി നീക്കിവെക്കുന്ന തമിഴ്നാട് മാതൃക സ്വീകരിക്കാവുന്നതാണ്. ഗ്രാമങ്ങളിൽ കൃഷി വിളയട്ടെ. എന്നാൽ, കൊച്ചി നഗരത്തിൽ ഒരു ഏക്കർ സ്ഥലം കൃഷിക്ക് നീക്കിവെക്കുന്നതിൽ അർഥമില്ല. എന്തായാലും ഇക്കാര്യത്തിൽ ഒരു പൊതുസമീപനമുണ്ടാവാത്തത് ഖേദകരമാണ്.

● *വ്യവസായ നയത്തിൽ തിരുത്ത് ആവശ്യമാണെന്നാണോ പറയുന്നത്?*

തീർച്ചയായും. ജനനിബിഡമായ കേരളത്തിൽ പരിസ്ഥിതിക്ക് ദോഷമുണ്ടാവുന്ന തരത്തിലുള്ള

പുകക്കുഴൽ വ്യവസായങ്ങൾ നടപ്പില്ല. പരിസ്ഥിതി പ്രശ്നങ്ങളുണ്ടാക്കാത്ത നമ്മുടെ പ്രകൃതിക്ക് അനുഗുണമായ വ്യവസായങ്ങൾ മാത്രം മതി. ഐ.ടി, ഭക്ഷ്യ സംസ്കരണം, ടൂറിസം, ഹൗസിംഗ്, ഫ്ളാറ്റ് തുടങ്ങിയവ ഉദാഹരണം. ഇത് എന്റെ വീക്ഷണത്തിലെ മാറ്റം തന്നെയാണ്.

● *ഇപ്പോൾ കിനാലൂരിലെ നാലുവരിപ്പാതയെ എതിർക്കുന്ന മുസ്‌ലിം ലീഗ് മുമ്പ് എം.കെ മുനീർ കൊണ്ടുവന്നിരുന്ന എക്സ്പ്രസ് ഹൈവേയെ എതിർത്തവരെ പരിഹസിച്ചിരുന്നില്ലേ?*

എം.പി വീരേന്ദ്രകുമാറാണ് എക്സ്പ്രസ് ഹൈവേയെ എതിർക്കാൻ മുന്നിലുണ്ടായിരുന്നത്. എന്നാൽ, ഇപ്പോഴത്തെ നാലുവരിപ്പാതയാക്കാൻ എക്സ്പ്രസ് ഹൈവേ എന്തുകൊണ്ടും മെച്ചമായിരുന്നുവെന്ന് അദ്ദേഹം ഇപ്പോൾ മനസ്സിലാക്കിയിരിക്കുന്നു. കാരണം നിലവിലെ പാതകൾ ബി.ഒ.ടിയാക്കുകയാണ് ഇടത് സർക്കാർ. പുതിയ എക്സ്പ്രസ് ഹൈവേക്ക് ഇന്നും പ്രസക്തിയുണ്ട്. 150 ഏക്കറിലേക്കെന്തിനാണ് നാലുവരിപ്പാതയെന്ന് മന്ത്രി കരീമിന് ഇപ്പോഴും വിശദീകരിക്കാനായിട്ടില്ല.

● *വിദ്യാഭ്യാസ മേഖലയിൽ ക്രൈസ്തവ സഭയെ സർക്കാറിന് പോലും അതിജയിക്കാനാവാത്ത അവസ്ഥയുണ്ടല്ലോ?*

വിദ്യാഭ്യാസരംഗത്ത് സഭയുടെ സ്ഥാപനങ്ങൾ പരമ്പരാഗതമായി ചെയ്ത സേവനം പ്രശംസനീയംതന്നെയാണ്. കച്ചവട താൽപര്യക്കാരുണ്ടാവാം. ഇതിന് സഭയെ ആക്ഷേപിക്കുന്നതിൽ അർഥമില്ല. വിദ്യാഭ്യാസം വാണിജ്യവത്കരിച്ചവർ നമ്മുടെ സമുദായത്തിലുമുണ്ട്. ഓരോ പ്രവേശനത്തിനും കൈക്കൂലി വാങ്ങുന്നവരുണ്ട്. അഴിമതി നടത്തുന്ന മുസ്‌ലിം മാനേജ്മെന്റുകളെ ലീഗ് അനുകൂലിക്കുന്നില്ല. പരിശുദ്ധി ആദ്യം വീട്ടിൽനിന്ന് തുടങ്ങണം.

● *ഭരണത്തിലേറുമ്പോൾ ഇത്തരം മാനേജ്മെന്റുകൾക്ക് ആനുകൂല്യങ്ങൾ നൽകുന്നത് അവസാനിപ്പിക്കുമോ?*

ഇത്തരക്കാർക്ക് ഭരണപരമായ ഒരാനുകൂല്യവും നൽകില്ല. പാവപ്പെട്ടവർക്ക് കാട്ട വെക്കാതെ പണം മാത്രം ലക്ഷ്യം വെക്കുന്നവരെ പ്രോത്സാഹിപ്പിക്കാനാവില്ല.

● *ലീഗ് മന്ത്രിസഭയിലിരിക്കുമ്പോൾ മുസ്‌ലിം സമുദായത്തിന് എന്തെങ്കിലും ചെയ്യുന്നത് മറ്റുള്ളവർ പ്രീണനമായി കരുതുമെന്ന് ഭയപ്പെടുന്നത് പോലെയാണല്ലോ പ്രവർത്തിക്കാറുള്ളത്?*

ശരിയാണ്. അത് കഴിഞ്ഞകാലത്ത് പറ്റിയ തെറ്റാണ്. മലബാറിനോടുള്ള വിദ്യാഭ്യാസ അവഗണനക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കും. ഇക്കാര്യത്തിൽ ഒന്നും ചെയ്യാനാവുന്നില്ലെങ്കിൽ ഭരണത്തിലിരിക്കുന്നതിന് അർഥമില്ല. വില ഭരണമാണെങ്കിൽ ഭരണം വേണ്ടെന്ന് വെക്കും. തെക്കൻ ജില്ലകളിൽ സീറ്റ് ഒഴിഞ്ഞുകിടക്കുമ്പോൾ മലബാറിലെ കുട്ടികൾ തെരുവ് തെണ്ടുകയാണ്. ഇത് പരിഹരിക്കാനുള്ള സാമ്പത്തിക ബാധ്യത ഏറ്റെടുക്കാൻ ധനകാര്യ വകുപ്പ് തയാറാവണം.

● *അധികാര സ്ഥാപനങ്ങളിൽ സ്ത്രീസംവരണം യാഥാർഥ്യമായിരിക്കുകയാണല്ലോ. ഈ സാഹചര്യത്തിൽ സ്ത്രീ ശാക്തീകരണത്തിനായി ലീഗിന് വല്ല പദ്ധതിയുമുണ്ടോ?*

സ്ത്രീശാക്തീകരണം ഒരു അജണ്ടയാക്കാൻ തന്നെയാണ് പരിപാടി. മലപ്പുറത്ത് ഉൾപ്പെടെ വിദ്യാഭ്യാസരംഗത്ത് മുസ്‌ലിംസ്ത്രീ സമൂഹത്തിനുണ്ടായ ഉയർച്ച ഇതിനായി ഉപയോഗപ്പെടുത്തും. സ്ത്രീക്ക് പുരുഷന് തുല്യ സ്ഥാനം വേണമെന്ന ഫെമിനിസ്റ്റ് കാഴ്ചപ്പാടിനോട് യോജിക്കാനാവില്ല. പാശ്ചാത്യ പ്രവണതകളെ മാതൃകയാക്കുന്നത് അരാജകത്വമാണ് സൃഷ്ടിക്കുക. സ്ത്രീയെ കയറൂരി വിടേണ്ടതില്ല. മതത്തിന്റെ കാഴ്ചപ്പാടിലുള്ള അച്ചടക്കമാണ് അവർക്കാവശ്യം. അന്തസ്സായ വേഷം ധരിച്ചുതന്നെ മിക്ക മേഖലയിലും സ്ത്രീകൾക്ക് ശോഭിക്കാനാവും.

● *സ്ത്രീകൾ പൊതുരംഗത്തിറങ്ങുന്നത് പ്രകൃതിവിരുദ്ധമാണെന്ന സമസ്തയുടെ കാഴ്ചപ്പാടിനോട് ലീഗ് നിലപാട് ഏറ്റുമുട്ടില്ലേ?*

മത സംഘടനകൾക്ക് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടാവാം. ഇന്ത്യൻ സാഹചര്യത്തിൽ നമുക്ക് ചെയ്യാവുന്നത് അന്തസ്സായ രീതിയിൽ കാര്യങ്ങൾ കൊണ്ടുപോവുകയെന്നതാണ്. മതസംഘടനകളുടെ കാഴ്ചപ്പാടുകൾ ഇപ്പോൾ ചർച്ചക്ക് വിധേയമാക്കുന്നില്ല. പണ്ഡിതരോട് ആലോചിച്ച് യുക്തമായ നിലപാട് സ്വീകരിക്കും. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം പാടില്ലെന്ന് പറഞ്ഞിരുന്ന കാലത്ത് പൂക്കോയ തങ്ങൾ സ്ത്രീ വിദ്യാഭ്യാസ രംഗത്ത് നിശ്ശബ്ദ വിപ്ലവം സാധ്യമാക്കിയത് ചരിത്രത്തിലു

ണ്ട്. സാമൂഹിക മാറ്റത്തിന് കടമ്പകളുണ്ടാവും. അത് നേരിടാൻ പാർട്ടി സജ്ജമാണ്.

● *സമുദായ സംസ്കരണ വിഷയത്തിൽ ലീഗിന് ശ്രദ്ധ പോരെന്ന ആക്ഷേപത്തോട് എങ്ങനെ പ്രതികരിക്കുന്നു?*

ഇക്കാര്യത്തിൽ ലീഗ് എക്കാലത്തും ശ്രദ്ധ പുലർത്തിയിട്ടുണ്ട്. പക്ഷേ, അതിന് വാർത്താ പ്രാധാന്യം ഉണ്ടാകാറില്ലെന്നതാണ് വസ്തുത. മതസംഘടനകളുമായും വിദ്യാഭ്യാസ ഏജൻസികളുമായുമൊക്കെ സഹകരിച്ചാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്. പ്രസംഗവും പ്രവൃത്തിയും സമയവും സമ്പത്തും ഇതിനായി ചെലവഴിക്കുന്നുണ്ട്. കഴിഞ്ഞ വർക്കിംഗ് കമ്മിറ്റിയിലെ പ്രധാന അജണ്ട തന്നെ 'സാമൂഹിക തിന്മക്കെതിരെ പ്രതിരോധ സംഗമം' എന്നതായിരുന്നു. മദ്യം, വിവാഹ ധൂർത്ത്, ആഭരണ ഭ്രമം, സ്ത്രീധനം, മദ്യപാനം തുടങ്ങിയവയുണ്ടാക്കുന്ന കുടുംബഛിദ്രത അതീവ ഗുരുതരമാണ്. കല്യാണത്തലേന്ന് മദ്യം വിളമ്പുന്നതിലേക്കുവരെ കാര്യങ്ങൾ എത്തിയിരിക്കുന്നു. ഇത് പറയുമ്പോൾ തന്നെ ബഹുജന സംഘടനയായ മുസ്‌ലിം ലീഗിൽ എല്ലാവരും ഒരുപോലെ സംസ്കരിക്കപ്പെട്ടവരല്ലെന്ന കാര്യവും ഓർക്കേണ്ടതുണ്ട്. മതസംഘടനകളുടെ അടിത്തറ ഉദാഹരണമാക്കി ഇക്കാര്യത്തിൽ ലീഗിനെ വിമർശിക്കുന്നത് ശരിയല്ല.

● *ജീർണത പേറുന്ന ഇത്തരം സംഘങ്ങളെ പാർട്ടിയോട് പിണക്കേണ്ടെന്ന് കരുതി ഇത്തരം പ്രവൃത്തികൾക്കു നേരെ കണ്ണടക്കുന്ന പ്രവണത പല പ്രദേശങ്ങളിലും ലീഗ് നേതൃത്വത്തിനുണ്ടല്ലോ?*

നേതൃത്വത്തിലുള്ളവർ ഇക്കാര്യത്തിൽ മാതൃക കാണിക്കേണ്ടതുണ്ട്. പഴയകാലത്ത് പരസ്യമായി മദ്യപിച്ചവർ വരെ പല പ്രദേശങ്ങളിലും ലീഗ് നേതൃത്വത്തിലുണ്ടായിരുന്നു. ഇവരെ പ്രാദേശിക സാഹചര്യത്തിൽ ഒഴിവാക്കാൻ കഴിയാത്ത സ്ഥിതിയുമുണ്ടായിരുന്നു. ഇതിനൊക്കെ മാറ്റം വന്നു. ഒരു പ്രദേശത്ത് പൊതുയോഗത്തിന് പോയ ഞാൻ ഇത്തരമൊരു സാഹചര്യത്തിൽ ഒരു വാക്ക് പോലും സംസാരിക്കാതെ ഇറങ്ങിപ്പോന്നിട്ടുണ്ട്. ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ ഇത്തരക്കാരെ പ്രതിഷ്ഠിക്കാൻ അനുവദിക്കില്ല.

● *സമ്പന്നർ ധാരാളമുണ്ടായിട്ടും ലീഗിന്റെ റിലീഫ് പ്രവർത്തനങ്ങൾക്ക് ഏകോപനമുണ്ടാവാത്തത് എന്തുകൊണ്ടാണ്?*

റിലീഫ് പ്രവർത്തനങ്ങൾ വികേന്ദ്രീകൃത സ്വഭാവത്തിലാവുന്നതാണ് സമൂഹത്തിന് നേട്ടമെന്നതാണ് ഞങ്ങൾ പഠിച്ച പാഠം. ഏകോപനമുണ്ടാക്കുന്നത് സമൂഹത്തിന് നഷ്ടക്കച്ചവടമാണ്. ഇപ്പോൾ ഗൾഫിലുള്ളവരുമായൊക്കെ സഹകരിച്ച് പ്രാദേശിക തലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന റിലീഫ് പ്രവർത്തനങ്ങൾ അതേപോലെ തുടരാനാണ് തീരുമാനം. ശിഹാബ് തങ്ങൾ റിലീഫ് സെന്ററുകൾ വ്യാപകമാവുന്നുണ്ട്. പ്രാദേശിക റിലീഫ് പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ മുകളിൽ സംവിധാനമുണ്ടാക്കും. തീരദേശ മേഖലയിലാണ് ഇത്തരം പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതെന്നും ബോധ്യമായിട്ടുണ്ട്.

● *യുവത്വം നിസ്സംഗമാവുന്ന അവസ്ഥയുണ്ടല്ലോ?*

പുതിയ തലമുറയുടെ പ്രവണതയാണിത്. ടെക്നോളജിയുടെ വികാസത്തോടൊപ്പം മെറ്റീരിയലിസ്റ്റിക് സമീപനവും വളരുന്നുണ്ട്. ആശയങ്ങളോടും ആദർശങ്ങളോടും പ്രതിബദ്ധത പുലർത്താത്ത സമീപനമാണിത്. ആഗോളതലത്തിൽ തന്നെയുള്ള പ്രതിഭാസമാണിത്. ഇതിന്റെ നിരർഥകത യുവസമൂഹത്തെ ബോധ്യപ്പെടുത്താൻ എല്ലാവരും രംഗത്തുവരണം. മത രംഗത്തുമുണ്ട് യുവാക്കളുടെ ഈ നിസ്സംഗത. ഗുരുതരമായ ഈ വിഷയത്തിൽ ഒറ്റക്കെട്ടായ പ്രവർത്തനം അനിവാര്യമാണ്. സംഘടനകൾ തമ്മിലെ വിഷയാധിഷ്ഠിത സഹകരണ മേഖലയിൽ ഉൾപ്പെടുത്തേണ്ടതാണ് ഈ പ്രശ്നവും. യുവാക്കളുടെ ധാർമിക അധഃപതനം ഇതിന്റെ പരിണതിയാണ്. മദ്യാസക്തി വർധിക്കുന്നു. എസ്.ടി.ഡി ബൂത്തുകൾ പോലെയാണ് സർക്കാർ ബാറുകൾ അനുവദിക്കുന്നത്. ഇതിലെന്താണിത്ര കുഴപ്പമെന്ന് ചിന്തിക്കുന്ന സർക്കാർ ഭരിക്കുമ്പോൾ അത് സമൂഹത്തിൽ വലിയ പ്രത്യാഘാതങ്ങളുണ്ടാക്കും.

● *രണ്ടാം തലമുറയിൽ താങ്കൾക്ക് പ്രതീക്ഷയുണ്ടോ?*

യുവജനങ്ങളിൽ പ്രതീക്ഷയുണ്ട്. റിയാലിറ്റി ഉൾക്കൊള്ളുന്ന സമൂഹം രൂപംകൊള്ളും. സംഘടിത തൊഴിലാളി വർഗത്തിലാണ് മാർക്സിയൻ ചിന്താഗതി സ്വാധീനം ചെലുത്തിയത്. അന്ന്

ഇസ്‌ലാമും കമ്യൂണിസവുമായിരുന്നു ആദർശ സംഘട്ടനത്തിൽ ഏർപ്പെട്ടത്. കമ്യൂണിസ്റ്റ് യുഗം അവസാനിച്ചു. ഇപ്പോൾ പാശ്ചാത്യ കടന്നുകയറ്റമാണ് ദൃശ്യമാവുന്നത്. അധികം താമസിയാതെ ഇതും അവസാനിക്കും. റിയാലിറ്റിയിലേക്ക് കാര്യങ്ങൾ തിരിച്ചുവരും. പ്രകൃതിദത്തമായ വീക്ഷണം മതവിശ്വാസത്തിലൂന്നിയത് തന്നെയാണ്. കൈക്കടത്തലുകൾ മാറ്റിവെച്ചാൽ ഏകദൈവത്വവും പ്രവാചക പാതയും തന്നെയാണ് പ്രകൃതിദത്തമായത്. ഇതിൽ വിശ്വസിക്കാത്ത ന്യൂനപക്ഷമുണ്ടാവും. അതും പ്രകൃതിദത്തമാണ്. ഈ പോക്ക് സ്ഥായിയായ എന്തിലേക്കോ ആണെന്ന് ഞാൻ വിചാരിക്കുന്നു. യൂറോപ്പും അമേരിക്കയും മാറിക്കൊണ്ടിരിക്കുന്നു. എന്നും അവർ പണക്കാരായിരിക്കണമെന്നില്ല. സമ്പദ്ഘടനയും മാറ്റത്തിന് വിധേയമാണ്. പ്രകൃതിദത്തമായത് മാത്രം ബാക്കിയാവും. അത് വിജയിക്കുകയും ചെയ്യും. ■

(15.5.2010–ന് നടത്തിയ അഭിമുഖം)

hashimelamaram@gmail.com